# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/140/2018 2018 ജൂൺ 30

## പത്രക്കുറിപ്പ്

### ഡി.ലിറ്റ് ബിരുദം നൽകും

മലയാള സാഹിത്യത്തിലെ പ്രശസ്ത ചെറുകഥാകൃത്തും, നിരവധി സാഹിത്യപുരസ്കാര ജേതാവുമായ ടി. പത്മനാഭൻ, പത്മശ്രീ ജേതാവും, പ്രവാസി വ്യവസായ പ്രമുഖനും, ലുലു ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടറുമായ എം.എ. യൂസഫലി എന്നിവരെ ഡി ലിറ്റ് ബിരുദം നൽകി ആദരിക്കുന്നതിന് ഗവർണറോട് ശുപാർശ ചെയ്യാൻ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യന്റെ അദ്ധ്യക്ഷതയിൽ ചേർന്ന മഹാത്മാഗാന്ധി സർവ്വകലാശാലാ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

### സിൻഡിക്കേറ്റിലെ മറ്റ് തീരുമാനങ്ങൾ

1. പത്ത് പഠനവകുപ്പുകൾ ആരംഭിക്കും : ഇക്കണോമിക്സ്, ഹിന്ദി, ജിയോളജി, കൊമേഴ്സ്, മാത്തമാറ്റിക്കൽ സയൻസ്, തീയേറ്റർ ആന്റ് റൈറ്റിംഗ്, സൈക്കോളജി, നാനോ സയൻസ് ആന്റ് ടെക്നോളജി, എനർജി മറ്റീരിയൽസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് റോബോട്ടിക്സ് എന്നീ വിഷയങ്ങളിൽ പുതുതായി 10 പഠനവകുപ്പുകൾ ആരംഭിക്കുന്നതിന് സർക്കാരിന്റെ അനുമതി തേടാൻ സിൻഡിക്കേറ്റ് തീരുമാനിച്ചു.
2. കിഫ്ബിയിൽ നിന്നും അനുവദിച്ച 132.75 കോടി രൂപ ചെലവഴിച്ച് ഉന്നത അക്കാദമിക ഗവേഷണ ലബോറട്ടറി സമുച്ചയം സമയബന്ധിതമായി പൂർത്തിയാക്കാൻ തീരുമാനിച്ചു.
3. പി.എച്ച്.ഡി. പ്രവേശനത്തിൽ മെരിറ്റിനോടൊപ്പം സാമൂഹ്യനീതിയും ഉറപ്പുവരുത്താൻ എസ്.സി. /എസ്.ടി. വിദ്യാർത്ഥികൾക്ക് സംവരണമേർപ്പെടുത്തും.
4. എയ്ഡഡ് കോളേജുകളിലും സ്വാശ്രയ കോളേജുകളിലും നടത്തുന്ന അൺഎയ്ഡഡ് എം.ഫിൽ കോഴ്സുകളുടെ അംഗീകാരം 2018-19 അദ്ധ്യയന വർഷം മുതൽ റദ്ദാക്കും. നിലവിലുള്ള വിദ്യാർത്ഥികൾക്ക് പഠനം തുടരാൻ അനുവദിക്കും.
5. മൂല്യനിർണ്ണയത്തിൽ വീഴ്ച വരുത്തിയ അദ്ധ്യാപകരിൽ നിന്നും പിഴ ഈടാക്കും.
6. സർവ്വകലാശാലാ സ്റ്റേഡിയം സംസ്ഥാന സ്പോർട്സ് കൗൺസിലിന് വിട്ടുനൽകാനുള്ള നിർദ്ദേശം വിശദപഠനത്തിനായി മാറ്റിവച്ചു.

### എം.ജി. ഡിഗ്രി ഏകജാലകം മൂന്നാം ഘട്ട അലോട്ട്മെന്റ്:

### ഓപ്ഷനുകൾ ഇന്ന് (ജൂലൈ 1) വരെ പുനഃക്രമീകരിക്കാം

ജൂലൈ അഞ്ചിന് നടക്കുന്ന ഡിഗ്രി പ്രവേശനത്തിന്റെ മൂന്നാം അലോട്ട്മെന്റിന് പരിഗണിക്കപ്പെടുന്നതിനായി അപേക്ഷകർക്ക് തങ്ങൾ നേരത്തെ നൽകിയ ഓപ്ഷനുകൾ പുനഃക്രമീകരിക്കുവാൻ ഇന്ന് (ജൂലൈ 1) വൈകുന്നേരം 4 വരെ സൗകര്യമുണ്ടാകും. അപേക്ഷകർക്ക് തങ്ങളുടെ ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേഡ് ഇവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകളിൽ ആവശ്യമായ പുനഃക്രമീകരണം നടത്താൻ സാധിക്കും. എന്നാൽ പുതുതായി കോളേജുകളോ, പ്രോഗ്രാമുകളോ കൂട്ടിച്ചേർക്കുവാൻ ഈ ഘട്ടത്തിൽ സാധിക്കുകയില്ല. ഒന്നാം അലോട്ട്മെന്റ് വഴി പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ തങ്ങൾക്ക് നിലവിൽ ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ നിലനിൽക്കുന്ന ഹയർ ഓപ്ഷനുകൾ 'ഡിലീറ്റ്' ചെയ്യേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ഹയർ ഓപ്ഷൻ ഡിലീറ്റ് ചെയ്യാതിരിക്കുകയും തന്മൂലം രണ്ടാം അലോട്ട്മെന്റിൽ പുതുതായി ഹയർഓപ്ഷനിലെ മറ്റൊരു പ്രോഗ്രാമിലേക്ക്/കോളേജിലേക്ക് അലോട്ട്മെന്റ് ലഭിക്കുകയും ചെയ്യുന്നപക്ഷം പുതുതായി അലോട്ട്മെന്റ് ലഭിച്ച പ്രോഗ്രാമിലേക്ക് /കോളേജിലേക്ക് നിർബ്ബന്ധമായും

പ്രവേശനം നേടേണ്ടതായി വരും. കൂടാതെ അവർക്ക് ലഭിച്ച ആദ്യ അലോട്ട്മെന്റ് റദ്ദാക്കപ്പെടുകയും ചെയ്യും. സ്ഥിരപ്രവേശം എടുത്തിട്ടുള്ളവർ ഹയർ ഓപ്ഷനുകൾ ഡിലീറ്റ് ചെയ്യേണ്ടതില്ല.

രണ്ടാം അലോട്ട്മെന്റിൽ ഒന്നാം ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ മൂന്നാം അലോട്ട്മെന്റിന് മുൻപായി സ്ഥിര പ്രവേശം എടുക്കാത്തപക്ഷം അത്തരക്കാരുടെ അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്. ആയതിനാൽ ഒന്നാം ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ചവരെല്ലാം തന്നെ മൂന്നാം അലോട്ട്മെന്റിനു മുൻപായി സ്ഥിരപ്രവേശം നേടേണ്ടതാണ്.

ഒന്നും രണ്ടും അലോട്ട്മെന്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ പ്രവേശനം റദ്ദാക്കി പോകുന്നപക്ഷം അത്തരം വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് പ്രിൻസിപ്പൽമാർ തത്സമയം തന്നെ ഓൺലൈൻ അഡ്മിഷൻ പോർട്ടൽ വഴി സർവ്വകലാശാലയെ അറിയിക്കേണ്ടതാണ്.

## എം.ജി. പി.ജി. ഏകജാലകം: ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ്/സ്വാശ്രയ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. സർവ്വകലാശാല നേരിട്ട് ഏകജാലക സംവിധാനത്തിലൂടെ മെരിറ്റ് സീറ്റുകളിലേക്കും, പട്ടികജാതി/പട്ടികവർഗ്ഗ (എസ്.സി./എസ്.ടി.) /സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾ (എസ്.ഇ.ബി.സി.)/മുന്നോക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ (ഇ.ബി.എഫ്.സി.) എന്നിവർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലെ അലോട്ട്മെന്റ് നടത്തും.

ഓൺലൈൻ രജിസ്ട്രേഷൻ www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ PGCAP എന്ന ലിങ്കിൽ പ്രവേശിച്ച് നടത്താവുന്നതാണ്. 'അക്കൗണ്ട് ക്രിയേഷൻ' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് അപേക്ഷകന്റെ പേര്, ഇ മെയിൽ വിലാസം, ജനനതീയതി, സംവരണ വിഭാഗം എന്നീ വ്യക്തിഗത വിവരങ്ങൾ നൽകി പാസ്‌വേഡ് സൃഷ്ടിച്ച ശേഷം ഓൺലൈനായി നിശ്ചിത ആപ്ലിക്കേഷൻ ഫീ ഒടുക്കേണ്ടതാണ്. അപേക്ഷാഫീസ് പൊതുവിഭാഗത്തിന് 1100/- രൂപയും എസ്.സി./എസ്.ടി. വിഭാഗത്തിന് 550/- രൂപയുമാണ്. ഇത്തരത്തിൽ അപേക്ഷാഫീസ് ഒടുക്കിയാൽ മാത്രമേ അപേക്ഷകന്റെ അക്കൗണ്ട് പ്രവർത്തനക്ഷമമാകുകയുള്ളൂ. അപേക്ഷകന്റെ ആപ്ലിക്കേഷൻ നമ്പരായിരിക്കും ലോഗിൻ ഐ.ഡി. ഓൺലൈനായി ഫീസ് ഒടുക്കിയശേഷം അപേക്ഷകന്റെ വ്യക്തിഗത അക്കാദമിക വിവരങ്ങൾ നൽകേണ്ടതും വിശദമായ പരിശോധനകൾക്ക് ശേഷം ആപ്ലിക്കേഷൻ സബ്മിറ്റ് ചെയ്യേണ്ടതുമാണ്.

ഓൺലൈൻ രജിസ്ട്രേഷൻ ജൂലൈ 4ന് വൈകീട്ട് 5 വരെ നടത്താവുന്നതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. ആദ്യ അലോട്ട്മെന്റ് ജൂലൈ 12ന് നടത്തും.

അപേക്ഷകർ സർവ്വകലാശാല വെബ്സൈറ്റിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായും വായിച്ചു മനസ്സിലാക്കിയതിനുശേഷം അപേക്ഷിക്കണം.

മാനേജ്മെന്റ്, കമ്മ്യൂണിറ്റി, സ്പോർട്സ്, കൾച്ചറൽ ക്വാട്ട, വികലാംഗ വിഭാഗത്തിന് സംവരണം ചെയ്ത സീറ്റുകൾ എന്നിവയിലേക്ക് അപേക്ഷിക്കുന്നവർ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷിക്കുകയും ടി അപേക്ഷയുടെ പകർപ്പ് പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ തന്നെ നേരിട്ട് സമർപ്പിക്കേണ്ടതുമാണ്. ലക്ഷദ്വീപിൽ നിന്നുള്ള അപേക്ഷകർക്കായി ഓരോ കോളേജിലും സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ലക്ഷദ്വീപ് നിവാസികളായ അപേക്ഷകർ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷിക്കുകയും ടി അപേക്ഷയുടെ പകർപ്പ് പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ തന്നെ നേരിട്ട് സമർപ്പിക്കേണ്ടതുമാണ്. ഏകജാലകത്തിലൂടെ അപേക്ഷിക്കാത്ത ആർക്കും തന്നെ മാനേജ്മെന്റ്, കമ്മ്യൂണിറ്റി, സ്പോർട്സ്, കൾച്ചറൽ, വികലാംഗ ക്വാട്ടകളിലേക്ക് അപേക്ഷിക്കുവാൻ സാധിക്കുന്നതല്ല.

വികലാംഗ/സ്പോർട്സ്/കൾച്ചറൽ ക്വാട്ട വിഭാഗങ്ങളിൽ സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നവർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ ജൂലൈ 4-ാം തീയതിക്കകം നേരിട്ട് അപേക്ഷ സമർപ്പിക്കണം. അതിനാൽ ഇവർക്ക് ഏകജാലക സംവിധാനത്തിലൂടെയുള്ള പ്രവേശനത്തിന് പ്രത്യേകമായി സീറ്റുകൾ സംവരണം ചെയ്തിട്ടില്ല.

സ്പോർട്സ്/കൾച്ചറൽ/വികലാംഗ സംവരണ സീറ്റുകളിലേക്കും മാനേജ്മെന്റ്/കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലേക്കുമുള്ള പ്രവേശനം സംബന്ധിച്ച സർവ്വകലാശാല വിജ്ഞാപനം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോളേജധികൃതർ വിജ്ഞാപനത്തിലുള്ള തീയതികൾക്കനുസൃതമായിതന്നെ പ്രവേശന നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. കോളേജധികൃതർ തങ്ങളുടെ ഇ-മെയിൽ ദിവസേന പരിശോധിക്കേണ്ടതാണ്. ബിരുദാനന്തര ബിരുദ ഏകജാലക പ്രവേശനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇമെയിൽ : pgcap@mgu.ac.in

**പി.ജി. പ്രവേശന കൗൺസലിംഗ് ജൂലൈ 3 മുതൽ**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ വിവിധ പഠനവകുപ്പുകളിലെ പി.ജി. പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായി നടത്തിയ പ്രവേശനപരീക്ഷയിൽ (ക്യാറ്റ്-എം.ജി.യു) യോഗ്യത നേടിയ വിദ്യാർത്ഥികൾക്കായി ജൂലൈ 3, 4, 5 തീയതികളിൽ സർവ്വകലാശാലാ അസംബ്ലിഹാളിൽ പ്രവേശന കൗൺസലിംഗ് നടത്തും. കൗൺസലിംഗിന് യോഗ്യത നേടിയവരുടെ സെലക്ട് ലിസ്റ്റും വിശദമായ ഷെഡ്യൂളും നിർദ്ദേശങ്ങളും www.cat.mgu.ac.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സെലക്ഷനുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക കാൾലെറ്ററുകൾ അയയ്ക്കുന്നതല്ല. ജൂലൈ 3ന് രാവിലെ 10.30ന് ഫിസിക്കൽ കെമിസ്ട്രി, ഓർഗാനിക് കെമിസ്ട്രി, ഇനോർഗാനിക് കെമിസ്ട്രി, പോളിമർ കെമിസ്ട്രി, ബയോകെമിസ്ട്രി, ബയോടെക്നോളജി, മൈക്രോബയോളജി, ബയോഫിസിക്സ് എന്നീ പ്രോഗ്രാമുകളിലേക്കും ഉച്ചയ്ക്ക് 2 മണിക്ക് ഇംഗ്ലീഷ്, പൊളിറ്റിക്സ് & ഇന്റർനാഷണൽ റിലേഷൻസ്, ഹ്യൂമൻ റൈറ്റ്സ്, പബ്ലിക് പോളിസി, മലയാളം എന്നിവയിലേക്കും, 4ന് രാവിലെ 10.30ന് ഫിസിക്സ്, എൻവിറോൺമെന്റൽ സയൻസ് & മാനേജ്മെന്റ്, ഡിസാസ്റ്റർ മാനേജ് മെന്റ് എന്നിവയിലേക്കും ഉച്ചയ്ക്ക് 2 മണിക്ക് എൽ.എൽ.എം., ആന്ത്രപ്പോളജി, ഹിസ്റ്ററി, ടൂറിസം എന്നിവയിലേക്കും, 5-ാം തീയതി രാവിലെ 10.30ന് ഇക്കണോമിക്സ്, കംപ്യൂട്ടർ സയൻസ് എന്നിവയിലേക്കും, ഉച്ചയ്ക്ക് 2 മണിക്ക് സൈക്കോളജി, ഗാന്ധിയൻ സ്റ്റഡീസ്, ഡെവലപ്മെന്റ് സ്റ്റഡീസ് എന്നിവയിലേക്കുമാണ് പ്രവേശന കൗൺസലിംഗ് നടക്കുന്നത്.

**പി.എച്ച്.ഡി. പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ 2018 അഡ്മിഷൻ പി.എച്ച്.ഡി. രജിസ്ട്രേഷനുവേണ്ടി അപേക്ഷ ക്ഷണിച്ചു. ജൂലൈ 31 വരെ അപേക്ഷകൾ സ്വീകരിക്കും. താല്പര്യമുള്ളവർ രജിസ്ട്രേഷന് ആവശ്യമായ എല്ലാ രേഖകളോടും കൂടി ഡെപ്യൂട്ടി രജിസ്ട്രാർ 1ന് (അക്കാദമിക്) അപേക്ഷ സമർപ്പിക്കണം. അപൂർണ്ണമായ അപേക്ഷകൾ സ്വീകരിക്കുന്നതല്ല. വിശദവിവരങ്ങളും അപേക്ഷാഫോറവും www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**ബി.ടെക് ഇന്റേണൽ റീഡു**

2018 ജൂലൈ/ആഗസ്റ്റ് മാസങ്ങളിൽ നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള ബി.ടെക് ഒന്നും രണ്ടും, നാല്, ആറ്, ഏഴ്, എട്ട് സെമസ്റ്ററുകളുടെ ഇന്റേണൽ റീഡു പരീക്ഷകൾക്കുള്ള ഹാൾടിക്കറ്റിന് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ അതാത് കോളേജുകളിൽ നിന്നും കൈപ്പറ്റേണ്ടതാണ്.

**ബി.ആർക് പ്രാക്ടിക്കൽ**

ഏഴും എട്ടും സെമസ്റ്റർ ബി.ആർക് (120 ദിവസത്തെ പ്രായോഗിക പരിശീലനം പൂർത്തിയാക്കിയ) വിദ്യാർത്ഥികൾക്ക് പ്രാക്ടിക്കൽ, ഡിസർട്ടേഷൻ എന്നിവയ്ക്കുള്ള അപേക്ഷകൾ പിഴകൂടാതെ ജൂലൈ 24 വരെയും 50 രൂപ പിഴയോടെ 25 വരെയും 500 രൂപ സൂപ്പർഫൈനോടെ 27 വരെയും സമർപ്പിക്കാം. 2018 മാർച്ച് 23ലെ വിജ്ഞാപനപ്രകാരം അപേക്ഷിച്ച വിദ്യാർത്ഥികൾ വീണ്ടും അപേക്ഷ സമർപ്പിക്കേണ്ടതില്ല.

**പ്രാക്ടിക്കൽ**

മൂന്നാം സെമസ്റ്റർ എം.പി.എഡ്. (2016 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) മെയ് 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ 5ന് മൂലമറ്റം സെന്റ് ജോസഫ്സ് അക്കാദമി ഓഫ് ഹയർ എജ്യൂക്കേഷൻ ആന്റ് റിസർച്ചിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ് സൈറ്റിൽ ലഭ്യമാണ്.

**വൈവാവോസി**

2018 മെയ്/ജൂൺ മാസങ്ങളിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. സംസ്കൃതം സ്പെഷ്യൽ (സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ പ്രോജക്ട് ഇവാല്യുവേഷനും വൈവാവോസിയും ജൂലൈ 4 മുതൽ അതാത് കോളേജിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**ബി.ആർക്. മൂല്യനിർണ്ണയം**

ഒന്നും രണ്ടും നാലും ആറും സെമസ്റ്റർ ബി.ആർക് മെയ്/ജൂൺ 2018 പരീക്ഷയുടെ മൂല്യനിർണ്ണയം ജൂലൈ 2 മുതൽ പാമ്പാടി ആർ.ഐ.റ്റി.യിൽ വച്ച് നടക്കും.മൂല്യനിർണ്ണയത്തിനായി നിയോഗിക്കപ്പെട്ട അദ്ധ്യാപകർ ജൂലൈ 2ന് രാവിലെ 10 മണിക്ക് പ്രസ്തുത കേന്ദ്രത്തിൽ എത്തിച്ചേരണം.

**പരീക്ഷാഫലം**

അഞ്ചും ആറും സെമസ്റ്റർ ബി.കോം (പ്രൈവറ്റ് രജിസ്ട്രേഷൻ) മാർച്ച് 2018 പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 16 വരെ അപേക്ഷിക്കാം.

**<u>ഫൈനൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു</u>**

2017 ജനുവരിയിൽ നടത്തിയ അവസാന വർഷ ബാച്ചിലർ ഓഫ് ഫിസിയോതെറാപ്പി (പുതിയ സ്കീം - 2012 അഡ്മിഷൻ) പരീക്ഷയുടെ ഫൈനൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി. ഗാന്ധിനഗർ എസ്.എം.ഇ.യിലെ ജോസിയ റോസി ജോയ് ഒന്നാം റാങ്ക് നേടി.

2017 ഡിസംബർ മാസത്തിൽ നടത്തിയ അവസാന വർഷ ബി.എസ്.സി. എം.ആർ.ടി. (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫൈനൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി. ഗാന്ധിനഗർ എസ്.എം.ഇ.യിലെ എൻ.വി. ഷെനിയമോൾ, മേഘ്ന ബേബി, എം. അതുല്യ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി.

2016 ഡിസംബറിൽ നടത്തിയ അവസാനവർഷ ബി.ഫാം (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫൈനൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി. ചെറുവാണ്ടൂർ ഡി.പി.എസിലെ അക്ഷയ ടി. ആന്റോ, പുതുപ്പള്ളി ഡി.പി.എസിലെ എ. ഫാത്തിമ, ആര്യ കെ. ബാബു എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി.

2017 മെയ് മാസത്തിൽ നടത്തിയ അവസാനവർഷ ബി.ഫാം (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫൈനൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി. ചെറുവാണ്ടൂർ ഡി.പി.എസിലെ അഷ്ന കെ. റഹിം, ജിസ്മി ലൂക്കോസ്, എസ്. കൃഷ്ണപ്രിയ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**